**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം**
ജില്ലാ കളക്ടറുടെ കാര്യാലയം, കുടപ്പനക്കുന്ന് - 695043.
ഫോൺ: +91 471 2731200, 2730045 (24 മണിക്കൂർ)
ഫാക്സ് : 91 471 2731166, 2730120

DDMA/01/2020/COVID/LSGI **തീയതി : 28/08/2020**

## കോവിഡ് 19 - പ്രവർത്തന പദ്ധതി - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - നിർവ്വഹിക്കേണ്ടുന്ന കർത്തവ്യങ്ങൾ

കോവിഡ് 19 നിർവ്യാപന പ്രവർത്തനങ്ങൾക്ക് പുതിയ പ്രവർത്തന പദ്ധതി ജില്ലാ തലത്തിൽ പുറത്തിറക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾ നിർവഹിക്കേണ്ടുന്ന കർത്തവ്യങ്ങൾ ഈ പ്രവർത്തന പദ്ധതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. കോവിഡ് 19 നിർവ്യാപന പ്രവർത്തനങ്ങളിൽ സ്തുത്യർഹമായ പങ്ക് വഹിച്ച് വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇനിയുള്ള ദിവസങ്ങളിൽ അടിയന്തിര പ്രാധാന്യത്തോടെ നിർവ്വഹിക്കേണ്ടുന്ന കർത്തവ്യങ്ങൾ ചുവടെ ചേർക്കുന്നു.

### I .കോവിഡ് 19 പ്രോട്ടോകോളുകൾ പാലിക്കുന്നത് സംബന്ധിച്ച്

1) വാർഡ് തല കോവിഡ് കൺട്രോൾ ടീമുകൾ രൂപീകരിക്കുക. അതാത് റസിഡന്റ്സ് അസോസിയേഷനുകളിൽ ക്രമീകരിച്ചിട്ടുള്ള പൊതുജനാരോഗ്യസേന (Public Health Volunteer Force) അംഗങ്ങളെ കൂടി ഉൾപ്പെടുത്തി ടീം പ്രവർത്തിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള നടപടി വിവര റിപ്പോർട്ട് 31/08/2020 ന് അകം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കുക.

2) എല്ലാ ദിവസവും വാർഡ് തല കോവിഡ് കൺട്രോൾ ടീം യോഗം ചേർന്ന് അന്നന്നത്തെ സ്ഥിതി വിലയിരുത്തുകയും അടുത്ത ദിവസത്തെ പ്രവർത്തനം ആസൂത്രണം ചെയ്യുകയും ചെയ്യേണ്ടതാണ്. പഞ്ചായത്ത് നഗരസഭ തലത്തിലും ദിവസേനയുള്ള റിവ്യൂ നിർബന്ധമാക്കുക. ഓൺലൈൻ സൗകര്യം ഇതിനായി പ്രയോജനപ്പെടുത്തുക.

3) റെസിഡന്റ്സ് അസോസിയേഷനുകളെ ഉൾപ്പെടുത്തി കോവിഡ് 19 നിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങൾ ജനകീയവത്കരിക്കുക.

4) മാർക്കറ്റുകൾ, കടകൾ, തെരുവോര കച്ചവട കേന്ദ്രങ്ങൾ, മത്സ്യവ്യാപാരികൾ, ലഘുഭക്ഷണശാലകൾ എന്നിവിടങ്ങളിൽ സാമൂഹിക അകലം ഉൾപ്പെടെ എല്ലാ കോവിഡ് 19 പ്രോട്ടോക്കോളുകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക

5) പൊതുയിടങ്ങളിൽ "ബ്രേക്ക് ദ് ചെയിൻ" പരിപാടികൾ നടപ്പിലാക്കുക.

6) ആളുകൾ ഒത്തുകൂടുന്നുണ്ടോയെന്നും കൃത്യമായി മാസ്ക് ഉപയോഗിക്കുന്നുണ്ടോയെന്നും സാമൂഹിക അകലം പാലിക്കുന്നുണ്ടോയെന്നും ഉറപ്പ വരുത്തുവാൻ "സർവൈലൻസ്-ചെക്ക്- വാക്ക്" (Surveillance Check Walk) നടത്തുക.

7) കോവിഡ് 19 പ്രോട്ടോക്കോൾ നിരന്തരം ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുക.

8) മുതിർന്ന പൗരന്മാർ, ഗർഭിണികൾ , ഗുരുതര രോഗമുള്ളവർ, 10 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ എന്നിവർ രോഗ ബാധ ഏൽക്കാതെ സുരക്ഷിതരായിരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

9) രോഗലക്ഷണം കണ്ടെത്താൻ പൾസ് ഓക്സീമീറ്റർ ഉപയോഗിച്ച് വ്യക്തികളുടെ രക്തത്തിലെ ഓക്സിജൻ അളവ് കണ്ടെത്തുന്നതിനായി സ്ഥിരം കിയോസ്കുകൾ / വീടുകളിൽ പോയി പരിശോധന നടത്തുന്ന ടീമുകൾ എന്നിവ രൂപീകരിക്കുക. ഈ പരിശോധനയിൽ ഓക്സിജൻ അളവ് 95% - ൽ താഴെയുള്ള തൊട്ടടുത്ത പരിശോധന കേന്ദ്രത്തിലെക്ക് ആശുപത്രിയിലേക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## II. ഹോം ഐസൊലേഷൻ സംബന്ധിച്ച്

10) വീട്ട് നിരീക്ഷണത്തിലായിരിക്കുന്ന കോവിഡ് രോഗികൾക്ക് സാമൂഹിക പിന്തുണ നൽകുക. അവരുടെ മെഡിക്കൽ / ഭക്ഷണ വസ്തുക്കൾ എത്തിച്ച് നൽകുക.

11) വീട്ട് നിരീക്ഷണത്തിലായിരിക്കുന്ന കോവിഡ് രോഗികളുടെ ഉപയോഗത്തിനായി പൾസ് ഓക്സീ മീറ്റർ, തെർമോമീറ്റർ എന്നിവ വാങ്ങി നൽകുക.

12) എല്ലാ ദിവസവും ടെലിഫോണിലൂടെ രോഗികളുടെ ആരോഗ്യ വിവരം ആരായുകയും രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ ആയത് ജില്ലാ കോൾ സെന്ററുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കുകയും ചെയ്യുക.

13) ഹോം ഐസൊലേഷനിൽ കഴിയുന്നവർക്ക് / അവരുടെ കുടുംബാംഗങ്ങൾക്ക് അത്യാവശ്യമായ മരുന്ന്/ മറ്റ് അവശ്യ വസ്തുക്കൾ എന്നിവ മുൻകരുതലുകളോടെ എത്തിക്കുക.

14) ഹോം ഐസൊലേഷനിൽ കഴിയുന്നവരുടെ ആരോഗ്യ വിവരങ്ങൾ എല്ലാ ദിവസവും വിളിച്ചന്വേഷിക്കുക. രോഗലക്ഷണങ്ങളുണ്ടെങ്കിൽ ഉടനെ തന്നെ 0471 2733433 , 1077 എന്നീ നമ്പറുകളിൽ ജില്ലാ കാൾ സെന്ററുമായി ബന്ധപ്പെട്ട് വൈദ്യസഹായമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## III. ക്വാറന്റൈൻ / റിവേഴ്സ് ക്വാറന്റൈൻ സംബന്ധിച്ച്

15) താരതമ്യേന ആരോഗ്യം കുറവുള്ള വിഭാഗത്തിൽപ്പെടുന്ന (60 വയസ്സിനു മുകളിലുള്ളവർ, ഗർഭിണികൾ, ജീവിതശൈലി രോഗങ്ങളുള്ളവർ, 10 വയസ്സിനു താഴെയുള്ള കുട്ടികൾ എന്നിവർ) വ്യക്തികളുടെ ലിസ്റ്റ് ആശാ വർക്കർ / അംഗൻവാടി വർക്കർ മാരുടെ നേതൃത്വത്തിൽ അതാത് റാപ്പിഡ് റെസ്പോൺസ് ടീമുകൾ തയ്യാറാക്കുക.

16) ടെലഫോൺ/മൊബൈൽ ഫോൺ മുഖാന്തരം അതത് റാപ്പിഡ് റെസ്പോൺസ് ടീമംഗങ്ങൾ പരിധിയിൽപ്പെടുന്ന ഇത്തരം ആളുകളെ ബന്ധപ്പെടുകയും ആരോഗ്യ വിവരങ്ങളന്വേഷിക്കുകയും ചെയ്യണം.

17) ക്വാറന്റൈൻ / റിവേഴ്സ് ക്വാറന്റൈൻ എന്നീ വിഭാഗങ്ങളിൽ അവശ്യ മരുന്നുകൾ മറ്റ് അവശ്യ സാമഗ്രികൾ എത്തിച്ചു നൽകുക.

28.8.20

**ജില്ലാ കളക്ടർ & ചെയർപേഴ്സൺ**
**ജില്ലാ ദുരന്തനിവാരണ അതോറിറ്റി**
**തിരുവനന്തപുരം**